(ബി) കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർ, ക്ലാസ് -IV, ഓവർസീയർ/ ഡ്രാഫ്റ്റ്മാൻ, പ്ലംബർ, ഫിറ്റർ, ഇലക്ട്രീഷ്യൻ, മീറ്റർ റീഡർ തുടങ്ങിയവയുടെ പ്രൊമോഷൻ തസ്തികകളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രൊമോഷൻ സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പ്രൊമോഷൻ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കണമെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

കൊട്ടാരക്കരയിലെ ജലവിതരണ പദ്ധതികൾ

221(2690) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി ആരംഭിച്ചതും പാതിവഴിയിൽ ഉപേക്ഷിച്ചതുമായ ജലവിതരണ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ച വർഷവും ആയവയ്ക്ക് ചെലവഴിച്ച ആകെ തുകകളും എത്രയാണ്;

(സി) പ്രസ്തുത പദ്ധതികളിൽ പുനരുജ്ജീവിപ്പിക്കാവുന്ന പദ്ധതികൾ ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി ആരംഭിച്ചതും പൂർത്തികരിച്ചിട്ടില്ലാത്തതുമായ "NC-PC/WSS to Anthamon area in Mylom Panchayat" എന്ന ഒരു പദ്ധതി ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി 2004-ൽ ആരംഭിച്ചു. ഈ പദ്ധതിക്കായി ഇതുവരെ ആകെ 51,40,825 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ കിണറിന്റെ നിർമ്മാണ ഘട്ടത്തിൽ കരാറുകാരനും വാട്ടർ അതോറിറ്റിയുമായി തർക്കം ഉണ്ടാവുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വരികയും തുടർന്ന് ഈ പദ്ധതി നിർത്തിവച്ചിട്ടുള്ളതുമാകുന്നു. ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly